2017-18- നൽകിയിട്ടില്ല.

2018-19- 557,

2019-20- 350,

2020-21- 35.

ഖാദി തൊഴിലാളി ക്ഷേമനിധി

195 (1925) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് ക്ഷേമനിധി നിയമത്തിൽ ഭേദഗതി വരുത്തുവാനുള്ള നിർദ്ദേശം പ്രസ്തുത ബോർഡ് സർക്കാരിന് സമർപ്പിച്ചിരുന്നുവോ?

സമർപ്പിച്ചിരുന്നു.

(ബി) എങ്കിൽ തൊഴിലാളികൾക്ക് ലഭിക്കുന്ന ഏതെല്ലാം ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്?

ക്ഷേമനിധിയിൽനിന്നും തൊഴിലാളികൾക്ക് നൽകിവരുന്ന വിവാഹ ധനസഹായം, വിദ്യാഭ്യാസ സഹായം, ചികിത്സാ സഹായം, മാരക രോഗങ്ങൾക്കുള്ള ചികിത്സാ സഹായം പ്രസവാനുകൂല്യം, ശവസംസ്കാരത്തിനുള്ള ധനസഹായം, പെൻഷൻ എന്നീ ആനുകൂല്യങ്ങളിലാണ് വർദ്ധനവ് വരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നത്.

(സി) ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

ഖാദി തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തികബാധ്യത സർക്കാർ ഏറ്റെടുക്കേണ്ടിവരുന്നതിനാൽ കേരള ഖാദിതൊഴിലാളി ക്ഷേമനിധി ചട്ടങ്ങളുടെ ഭേദഗതി അംഗീകരിക്കാൻ നിർവ്വാഹമില്ലെന്ന വിവരം ഖാദിതൊഴിലാളി ക്ഷേമനിധി ബോർഡ്, സി.ഇ.ഒ.- യെ അറിയിക്കുകയുണ്ടായി.

(ഡി) ഖാദി തുണിത്തരങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ചർക്കയിൽ യന്ത്രം ഘടിപ്പിക്കണമെന്ന ആവശ്യം (സെമി ഓട്ടോമേഷൻ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പരമ്പരാഗതമായ ഉത്പാദന രീതിയിൽ കാലോചിതമായമാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത, 1500 രൂപയാക്കി വർദ്ധിപ്പിച്ചത്, ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാനുതകുന്നതരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക്ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദിമേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഖാദിഗ്രാമം പദ്ധതി നടപ്പിലാക്കിവരികയും ചെയ്തിരിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതിവിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്ക പകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവ നടപ്പിലാക്കി വരുന്നുണ്ട്.

കയർ ഉല്പന്നങ്ങളുടെ പുതിയ ഉപയോഗ സാധ്യതകൾ

196 (1926) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ ഉല്പന്നങ്ങൾക്ക് പുതിയ ഉപയോഗസാധ്യതകൾ കണ്ടെത്തുന്നതിനും ആഭ്യന്തരമാർക്കറ്റ് വർദ്ധിപ്പിക്കുന്നതിനുമായി സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

കയർ ഉൽപ്പന്നങ്ങൾക്ക് പുതിയ ഉപയോഗസാധ്യതകൾ കണ്ടെത്തുന്നതിനായി പഠനങ്ങളും ഗവേഷണങ്ങളും നടത്തുകയും ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കയർ അക്വസ്റ്റിക് പാനൽ: ശബ്ദം നിയന്ത്രിക്കാനായി ജൈവ നാരായ കയർ ഉപയോഗിച്ച് അക്വസ്റ്റിക് പാനലുകൾ വികസിപ്പിച്ചെടുക്കുകയുണ്ടായി. ശബ്ദം ആഗിരണം ചെയ്യുന്നതിനുപുറമേ ഒരു ഇൻസുലേറ്ററായി പ്രവർത്തിച്ച് താപനില ക്രമീകരിക്കുന്നതിൽ ഫലപ്രദമാണ് ഈ ഉല്പന്നം. ഇതിന് ഗുണഭോക്താക്കളിൽ സ്വീകാര്യത ലഭിക്കുകയും പി.പി.പി മോഡലിൽ വ്യവസായിക ഉല്പാദനത്തിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയുമാണ്.